## ശ്രദ്ധക്ഷണിക്കൽ

### (1) എഫ്.സി.ഐ. ഗോഡൗണുകളിൽ അരി കെട്ടിക്കിടന്ന് നശിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ കപ്പാസിറ്റിക്കപ്പുറത്ത് ഇരട്ടി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശമാണ് കേന്ദ്രഗവൺമെന്റ് കൊടുത്തിരിക്കുന്നത്. അതിന്റെ ഫലമായി കേരളത്തിലെ 22 എഫ്.സി.ഐ. ഗോഡൗണുകളിൽ ഇപ്പോൾ സ്റ്റോക്ക് ചെയ്തിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വലിയൊരു ഭാഗം ചീഞ്ഞുനാറിയിരിക്കുകയാണ്. പൊതുവിതരണത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട അരിയും ഗോതമ്പും പുഴുവരിക്കുകയാണ്. വണ്ടും എലിയുമാണ് അവിടെ താമസിക്കുന്നത്. ആറുമാസക്കാലത്തിലേറെയായി ഇപ്രകാരം സൂക്ഷിച്ചിരിക്കുകയാണ്. ഒരു എഫ്.സി.ഐ. ഗോഡൗൺ പരിശോധിച്ചപ്പോൾ ഞാൻ നേരിട്ട് കണ്ടതാണ്. അത് ഈ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കേണ്ടതാണ്. മുപ്പതുദിവസത്തിൽ കൂടുതൽ അരിയോ ഗോതമ്പോ സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ വേണം. എഫ്.സി.ഐ. ഗോഡൗണുകൾ ശാസ്ത്രീയമായിരിക്കണം. ഇപ്പോൾ എഫ്.സി.ഐ. ഗോഡൗണുകൾ ശാസ്ത്രീയമല്ല, അശാസ്ത്രീയമാണ്. ഫ്യൂമിക്കേഷൻ എന്നു പറയുന്ന ഒരു നടപടിയുണ്ട്. കാലാകാലങ്ങളിൽ കീടനാശിനികൾ സ്പ്രേ ചെയ്ത് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാത്തപക്ഷം പലതരത്തിലുള്ള വിഷാംശങ്ങളുണ്ടാകും. ഭക്ഷ്യധാന്യംതന്നെ വേസ്റ്റാകും. അതുപോലെ ഭക്ഷ്യധാന്യങ്ങളുടെ ബാഗ് ഉയരത്തിൽ അട്ടിയിടുമ്പോൾ ഏറ്റവും അടിയിലുള്ള ചാക്കിലെ ഭക്ഷ്യധാന്യം കട്ടപിടിക്കും. കട്ടപിടിച്ചാൽ പിന്നെ ഒന്നിനും

കൊള്ളില്ല. ഇപ്പോൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ആറുമാസത്തിലേറെ അട്ടിയിട്ട ഭക്ഷ്യധാന്യങ്ങൾ അതുപോലെ കിടക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിതരണം ചെയ്യുന്നതിന് ഒരു സിസ്റ്റമുണ്ട്. ആദ്യം വരുന്നത് ആദ്യം വിതരണം ചെയ്യേണ്ടതാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ ആദ്യം വരുന്നതു മുഴുവൻ ഗോഡൗണിനകത്ത് സ്റ്റോക്ക് ചെയ്തിരിക്കുന്നു. ആ സ്റ്റോക്ക് ഇരിക്കുമ്പോൾതന്നെ ഏറ്റവും ഒടുവിൽ വന്ന വരാന്തയിലുള്ളത് റിലീസ് ചെയ്യുകയാണ്. അതിന്റെ ഫലമായി എല്ലാ സമയത്തും ഗോഡൗണിനകത്ത് വലിയൊരു ക്വാണ്ടിറ്റിയുണ്ടാകും. ഞാൻ മുളങ്കുന്നത്ത്കാവ് എഫ്.സി.ഐ. ഗോഡൗണിൽ പോയിരുന്നു, 60000 ടൺ ധാന്യമാണ് അവിടെ വേസ്റ്റായിരിക്കുന്നത്. ഒന്നിനും കൊള്ളില്ല. കഴക്കൂട്ടം എഫ്.സി.ഐ. ഗോഡൗണിൽ 15000 മെട്രിക് ടൺ ഗോതമ്പും അരിയും വേസ്റ്റായിരിക്കുകയാണ്. ഇത് ഇനി ഒന്നും ചെയ്യാൻ കഴിയില്ല എന്ന് അവിടെയുള്ള ജീവനക്കാർതന്നെ ഞങ്ങളോട് പറയുകയാണ്. ഒലവക്കോട് എഫ്.സി.ഐ. ഗോഡൗണിൽ 78000 മെട്രിക് ടൺ വേസ്റ്റായിരിക്കുകയാണ്. അതുപോലെ ഗോതമ്പ് മുളച്ച് ചെടിയായിരിക്കുകയാണ്. എഷ്യാനെറ്റുപോലെയുള്ള ദൃശ്യ മാധ്യമങ്ങളും ജനയുഗം, ദേശാഭിമാനി, മാതൃഭൂമി, കേരള കൗമുദി തുടങ്ങി കേരളത്തിലെ എല്ലാ പ്രിന്റ് മീഡിയയും ഞെട്ടിപ്പിക്കുന്ന ഈ വസ്തുതകൾ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. പനിയും പല രോഗങ്ങളും പകർന്നുപിടിക്കുന്ന ഈ കാലത്ത് റേഷൻ കടയിൽ നിന്നു വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾവഴി രോഗം വരാനുള്ള സാധ്യത വളരെക്കൂടുതലാണ്. കേരളത്തിൽ ഫുഡ് ഗ്രെയിൻസിന്റെ ക്വാളിറ്റിയിൽ എക്സ്പ്ലോസീവായിട്ടുള്ള സിറ്റിവേഷനാണ്. പരിശോധിക്കാൻ പോയിടത്തൊന്നുംതന്നെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരിയും ഗോതമ്പും റിലീസ് ചെയ്യുമ്പോൾ

അതിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ ഓൺ ദി സ്പോട്ടിൽ ഇല്ല. അവരാരും തിരിഞ്ഞുനോക്കുന്നില്ല. ലോറി ഓണേഴ്സ് വന്ന് ഒരു ചിറ്റ് പ്രകാരം ടൺകണക്കിന് സാധനങ്ങൾ കൊണ്ടുപോകുകയാണ്. എവിടെയാണ് കൊണ്ടുപോകുന്നതെന്ന് അറിയില്ല. ഇവിടെയൊരു സിസ്റ്റമുണ്ട്. ആ സിസ്റ്റമെന്നു പറയുന്നത്, എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ റിലീസ് ചെയ്യുമ്പോൾ താലൂക്ക് സപ്ലൈ ഓഫീസറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അവിടെയുണ്ടാകണം, അതിന്റെ ക്വാളിറ്റി പരിശോധിക്കണം, ക്വാളിറ്റി മോശമാണെങ്കിൽ റിജക്ട് ചെയ്യാം. അത് എടുക്കേണ്ട കാര്യമില്ല. ഇതൊന്നും നോക്കാൻ ഇവിടെ ആരുമില്ലാത്ത അവസ്ഥയാണ്. അടിയന്തരമായി ഗവൺമെന്റ് ആക്ട് ചെയ്യണം. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ പൊതുവിതരണ സമ്പ്രദായത്തിൽ ന്യായമായ ഗുണനിലവാരമുള്ള അരിയും ഗോതമ്പും കിട്ടാതെ വന്നാൽ റേഷൻ കടയിൽ ആളുകൾ പോകില്ല. സ്വകാര്യ കമ്പോളത്തിലേയ്ക്ക് പോകും. അതുതന്നെയാണ് കേന്ദ്ര ഗവൺമെന്റിന്റെ നയവും. എഫ്.സി.ഐ. ഗോഡൗണുകൾ അടച്ചുപൂട്ടുക, അത് റിലയൻസിന് വാടകയ്ക്ക് കൊടുക്കുക, അവിടെ സൂക്ഷിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൊള്ളരുതാത്തതാണെന്ന ചീത്തപ്പേരുണ്ടാക്കുക, ഇങ്ങനെ ജനങ്ങളെ പൊതുവിതരണ സമ്പ്രദായത്തിൽ നിന്ന് ആട്ടിയോടിക്കാനുള്ള ഗൂഢമായ ശ്രമങ്ങൾ, ഗൂഢാലോചനകൾ നടക്കുകയാണ്. അതിനുവേണ്ടി റാക്കറ്റുകൾ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സംരക്ഷിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ ഇടപെടണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പ്രതിനിധികളടങ്ങുന്ന ഒരു സംഘം അടിയന്തരമായി

കേരളത്തിലെ 22 എഫ്.സി.ഐ. ഗോഡൗണുകളും റെയ്ഡ് ചെയ്ത് ഓൾഡ് സ്റ്റോക്ക് മുഴുവൻ കണ്ടെത്തണം. അവ പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യാൻ കൊടുക്കണം. അല്ലെങ്കിൽ കന്നുകാലികൾക്കെങ്കിലും കൊടുക്കണം. എഫ്.സി.ഐ.യുടെ ഭക്ഷ്യധാന്യ ഗോഡൗണുകളുടെ അകത്ത് കയറാൻ വയ്യ. ചീഞ്ഞുനാറിയ, ശ്വാസം മുട്ടുന്ന ദുർഗന്ധമാണ്. ഈ വിഷയമാണ് ഞാൻ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഒരുപാട് കാടുകയറിയാണ് സംസാരിച്ചത്. കേന്ദ്ര ഗവൺമെന്റ്, എഫ്.സി.ഐ. റിലയൻസിനെ ഏൽപ്പിക്കുന്നു....... തുടങ്ങിയ രീതിയിലേയ്ക്ക് അദ്ദേഹത്തിന്റെ പരാമർശങ്ങൾ കടന്നുപോയി. മോശം അരി വിതരണം ചെയ്യുന്നില്ല. റേഷൻ കടകളും എഫ്.സി.ഐ. ഗോഡൗണുകളും ചീഞ്ഞുനാറുന്നു എന്ന തരത്തിലുള്ള പരാമർശങ്ങൾ നിർഭാഗ്യകരമാണ് എന്നു ഞാൻ സൂചിപ്പിക്കട്ടെ. കൃത്യമായ ക്വാളിറ്റി ചെക്കിംഗിന്റെ അടിസ്ഥാനത്തിലാണ് അരി എഫ്.സി.ഐ. യിൽ നിന്ന് വിതരണത്തിനായി വിട്ടുനൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചില എഫ്.സി.ഐ. ഗോഡൗണുകളിൽ നേരിട്ടുചെന്നപ്പോൾ അവിടെ റേഷനിംഗ് ഇൻസ്പെക്ടർമാരെ കണ്ടില്ല, ചിറ്റിന്റെ അടിസ്ഥാനത്തിലാണ് അരി കൊണ്ടുപോകുന്നതെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അത് ഏത് എഫ്. സി.ഐ. ഗോഡൗണുകളാണെന്നുകൂടി സൂചിപ്പിച്ചാൽ നല്ലതായിരിക്കും. അതുപോലെ കഴക്കൂട്ടം, മുളങ്കുന്നത്തുകാവ്, ഒലവക്കോട് ഈ മൂന്ന് എഫ്. സി.ഐ. ഗോഡൗണുകളിൽ അമിതമായി സ്റ്റോക്ക് ഉണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു. അക്കാര്യം തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും. കപ്പാസിറ്റി

യിൽ കവിഞ്ഞ സ്റ്റോക്ക് എഫ്.സി.ഐ. ഗോഡൗണുകളിൽ ഇല്ല. അതിന്റെ ഡീറ്റെയിൽസ് എടുത്തിരുന്നു. പരമാവധി കപ്പാസിറ്റി 513000 മെട്രിക് ടണ്ണാണ്, അതിനകത്തുള്ള സ്റ്റോക്കാണ് എഫ്.സി.ഐ. ഗോഡൗണുകളിൽ ഇന്നലെ വരെയുള്ള കണക്കുപ്രകാരമുള്ളത്. എഫ്.സി.ഐ. ഗോഡൗണുകളുടെ കപ്പാസിറ്റിയിൽ കവിഞ്ഞ സ്റ്റോക്കുകൾ ഇപ്പോഴില്ല. റേഷൻ കടകളിൽക്കൂടി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന അരി പുഴുവരിക്കുന്നു എന്ന വാർത്ത സത്യവിരുദ്ധമാണ്. അത്തരത്തിലുള്ള വാർത്തകൾ ചില ദൃശ്യമാധ്യമങ്ങൾ കാണിച്ചു. അത് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അങ്ങനെ വന്നതിന്റെ അടിസ്ഥാനത്തിൽ അത് അന്വേഷിക്കുന്നതിന് അപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എഫ്.സി.ഐ. അത് വളരെ ഗൗരവമായിതന്നെ എടുത്തിട്ടുണ്ട്. കഴിഞ്ഞ 30-ാം തീയതി മുതൽ രണ്ടു ജനറൽ മാനേജർമാരുടെ നേതൃത്വത്തിൽ തെക്കൻ ജില്ലകളിലും വടക്കൻ ജില്ലകളിലുമുള്ള വിവിധ എഫ്.സി.ഐ. ഗോഡൗണുകളിൽ ഇൻസ്പെക്ഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് രണ്ടുദിവസത്തിനകം സമർപ്പിക്കുമെന്നാണ് മനസ്സിലാക്കുന്നത്. ഇതുവരെ അനൗദ്യോഗികമായി ലഭിക്കുന്ന അറിവ് പ്രകാരം ഇത്തരത്തിലുള്ള സാഹചര്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ഇല്ല. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായി വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ ശാസ്ത്രീയമായ സൂക്ഷിപ്പുസൗകര്യങ്ങൾ നിലവിലുണ്ട്. അതുകൊണ്ടുതന്നെ ഭക്ഷ്യവിഭവങ്ങൾ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ FIFO (First In First Out) സമ്പ്രദായമാണ് അവലംബിച്ചുപോരുന്നത്. ബഹുമാ

നപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് സമ്പ്രദായം തന്നെ യാണ് തുടർന്നുപോരുന്നത്. കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെയാണ് എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ ബമ്പർ വിളവെടുപ്പുമൂലം കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ വരുന്നതുമൂലമുള്ള സംഭര ണശേഷിക്ക് പുറമേയുള്ള ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായിട്ടാണ് എഫ്.സി. ഐ. ഡിപ്പോ വരാന്തകളിൽ സൂക്ഷിച്ചിട്ടുള്ളത്. ഇന്നലത്തെ റിപ്പോർട്ടനുസ രിച്ച് എഫ്.സി.ഐ.യുടെ സംഭരണശേഷിക്കുള്ളിലുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമേയുള്ളൂ. ഇപ്രകാരം സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ നശിച്ചുപോകാ തിരിക്കാൻ പ്രത്യേക മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുമുണ്ട്. അതുപോലെ റെയിൽവാഗണുകളിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ ചില സന്ദർഭ ങ്ങളിൽ മഴനനഞ്ഞ സാഹചര്യങ്ങളിൽ അത് തുറന്നു പരിശോധിച്ച് ഗോഡൗ ണുകളിൽ വച്ചുതന്നെ എയറേറ്റ് ചെയ്ത് വൃത്തിയാക്കി ഗുണനിലവാരം ഉറ പ്പാക്കുന്നുമുണ്ട്. അതുപോലെതന്നെ അവരുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം അത് പരിശോധിക്കുന്നുമുണ്ട്. ഇത് വിതരണത്തിനായി ഹോൾസെ യിൽ ഡിപ്പോകൾക്ക് കൊടുക്കുന്നതിന് മുൻപുതന്നെ റേഷനിംഗ് ഇൻസ്പെ ക്ടർമാരുടെ നേതൃത്വത്തിൽ വീണ്ടുമൊരു പരിശോധന നടത്തിയതിനുശേ ഷമാണ് ഹോൾസെയിലേഴ്സിനും റീട്ടെയിലേഴ്സിനും കൊടുത്തുവിടുന്നത്. റേഷനരി മോശമാണെന്ന തരത്തിലുള്ള പരാമർശം അടിസ്ഥാനരഹിതമാണ് എന്നുകൂടി സൂചിപ്പിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ എല്ലാ കാര്യങ്ങളെയും നിഷേധിച്ചിരിക്കുന്നത് വളരെ നിർഭാഗ്യകര മായിപ്പോയി. ഒരു ഉത്തരവാദപ്പെട്ട പ്രവർത്തകൻ എന്നുള്ള നിലയിൽ

എനിക്ക് നേരിട്ടുണ്ടായ അനുഭവങ്ങൾ സഭയുടെ മുന്നിൽ കൊണ്ടുവന്നതാണ്. ഗവൺമെന്റ് അതിൽ ശ്രദ്ധിക്കണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സാധാരണ അംഗങ്ങൾ നോട്ടീസിൽ കൊണ്ടുവരിക. അല്ലാതെ ഗവൺമെന്റിനെതിരായിട്ടുള്ള കുറ്റപത്രമല്ല. രണ്ടാമത്തെ കാര്യം, ഇത് എഫ്.സി.ഐ.-യുടെ പ്രശ്നമാണ്. അത് നമ്മുടെ മാത്രം അധികാര പരിധിയിലുള്ളതല്ല. എഫ്.സി.ഐ.-യെ കേന്ദ്രഗവൺമെന്റിനുപോലും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതൊക്കെ അറിയാം. എഫ്.സി.ഐ.-യെ നിയന്ത്രിക്കാൻ ഇപ്പോൾ ആരുമില്ലാത്ത ഒരവസ്ഥയാണ്. അതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഈ ഗോഡൗണുകൾ റെയ്ഡ് ചെയ്ത് പരിശോധന നടത്തണമെന്നുള്ള എന്റെ നിർദ്ദേശം ഞാൻ ആവർത്തിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, അതിന്റേതായ ഉത്തരവാദിത്വത്തിലും ഗൗരവത്തിലും തന്നെയാണ് ഈ വിഷയം ഗവൺമെന്റ് എടുക്കുന്നത്. ഒരു ദൃശ്യമാധ്യമത്തിലാണ് ഈ വിഷയം ആദ്യം പരാമർശിക്കപ്പെട്ടത്. ഞാനത് ആദ്യമേ സൂചിപ്പിച്ചു. ആ വിഷയത്തെ സംബന്ധിച്ച് റിപ്പോർട്ട് വന്ന ദിവസം തന്നെ എഫ്.സി.ഐ.-യുടെ ജനറൽ മാനേജരുമായും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുമായും ബന്ധപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചെന്നൈ റീജിയണിൽ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലും വിജിലൻസ് വിഭാഗത്തിലുമുള്ള രണ്ട് ജനറൽ മാനേജരുടെ നേതൃത്വത്തിൽ അവർ 30-ാം തീയതി മുതൽ നമ്മുടെ വടക്കൻ ജില്ലയും തെക്കൻ ജില്ലയും രണ്ടായി വിഭജിച്ച് എല്ലാ എഫ്.സി.ഐ. ഗോഡൗണുകളിലും പരിശോധന നടത്തുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അടുത്ത ദിവസങ്ങളിൽത്തന്നെ

കിട്ടും. അതുകൊണ്ടുതന്നെ റെയ്ഡിന്റെ ആവശ്യം ഇപ്പോഴുണ്ട് എന്നു ഞാൻ കരുതുന്നില്ല. വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് ഇക്കാര്യം വീക്ഷിക്കുന്നതും പരിശോധിച്ചുകൊണ്ടിരിക്കുന്നതും.

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ മുൻ ഭക്ഷ്യകാര്യ വകുപ്പുമന്ത്രി കൂടിയാണ്. അങ്ങ് ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടിത്തന്നെ മന്ത്രി എടുത്തിട്ടുണ്ട്. അത് ശ്രദ്ധയിൽപ്പെട്ട ഉട നെതന്നെ അതിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും നടപടികളെടുക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട ഒരു പ്രശ്നം പറയാൻ ആഗ്രഹിക്കുകയാ ണ്. ഇന്നലെ ഭക്ഷ്യവകുപ്പു മന്ത്രിയും ഞാനും ധനകാര്യവകുപ്പു മന്ത്രിയും മറ്റ് മന്ത്രിമാരും കേന്ദ്ര ഭക്ഷ്യമന്ത്രി ശ്രീ. കെ.വി. തോമസുമായി നടത്തിയ ചർച്ചയിൽ എഫ്.സി.ഐ.-യുടെ ചെയർമാനും പങ്കെടുത്തിരുന്നു. ഞങ്ങൾ കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വേണമെന്നുതുൾപ്പെടെയുള്ള പല കാര്യങ്ങളും ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ അരിയും ഗോതമ്പും പഞ്ച സാരയും കൂടുതൽ അനുവദിക്കുകയും ചെയ്തു. ആ സമയത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്, എഫ്.സി.ഐ.-യുടെ ഭാഗത്തുനിന്ന് ഒരാവ ശ്യം ഉയർന്നുവന്നു. അവർ ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന ഉത്ത രവാദിത്വം ഏറ്റെടുത്തിരിക്കുന്നു. രണ്ടു കൊല്ലംവരെ അവർ അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ഇപ്പോൾ ഒരു മാസത്തേ യ്ക്കുമാത്രമേ എടുക്കുന്നുള്ളു. അപ്പോൾ സംസ്ഥാന ഗവൺമെന്റ് ഏറ്റവും കുറഞ്ഞത് ആറ് മാസത്തേയ്ക്കെങ്കിലും സ്റ്റോക്ക് ചെയ്യത്തക്കവിധത്തിലുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നുള്ള ഒരാവശ്യം ഉന്നയിച്ചിട്ടുണ്ട്. നമുക്ക് അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ടുകൾ പറഞ്ഞപ്പോൾ ഗോഡൗണുകൾ കെട്ടാനുള്ള സാമ്പത്തിക സഹായം തരാം, ഭക്ഷ്യധാന്യങ്ങൾ ഏറ്റവും നല്ല

ക്വാളിറ്റിയോടുകൂടി സൂക്ഷിക്കുന്നതിനുള്ള സഹായം എഫ്.സി.ഐ. –യിൽനിന്ന് തരാം എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ആറു മാസത്തേയ്ക്കെങ്കിലും ഇത് സ്റ്റോക്ക് ചെയ്യാൻ വേണ്ടി അവരോടൊപ്പംതന്നെ സംസ്ഥാനങ്ങൾ കൂടി പങ്ക് വഹിക്കണം. അത് പറയാൻ ഒരു ന്യായമുണ്ട്. അടുത്ത കാലത്ത് കോഴിക്കോടുണ്ടായ സമരം കൊണ്ട് ഭക്ഷ്യധാന്യ വിതരണം ചെറിയ തോതി ലാണെങ്കിലും ചില പ്രദേശങ്ങളിലെങ്കിലും തടസ്സപ്പെട്ടു. അങ്ങനെയുള്ള സാഹചര്യങ്ങൾ ഒഴിവാക്കാൻ, എഫ്.സി.ഐ. ഗോഡൗണുകളിൽ ഏതെ ങ്കിലും വിധത്തിലുള്ള ഒരു ബ്രേക്ക്ഡൗൺ വന്നാൽ അതിനെയും മറികട ക്കത്തക്കവിധത്തിലുള്ള ഒരു സംവിധാനം കൂടി വേണം എന്നവർ ഉന്നയിച്ചു. നമ്മൾ അതിനെക്കുറിച്ച് ആലോചിക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u> : ബഹുമാനപ്പെട്ട മെമ്പർ നേരിട്ടുചെന്ന് ഒരു എഫ്.സിഐ. ഗോഡൗൺ പരിശോധിച്ചു എന്നുപറഞ്ഞു. അത് ഏത് എഫ്. സി.ഐ. ഗോഡൗണാണെന്ന് പറഞ്ഞാൽ നല്ലതായിരുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> : മുളങ്കുന്നത്തുകാവ്, കഴക്കൂട്ടം, ഒലവക്കോട്.

(2) <u>പെട്രോളിയം പ്രകൃതി വാതക സെല്ലിന്റെ രൂപീകരണം</u>

<u>ശ്രീ. വി.ഡി. സതീശൻ</u> : സർ, നമ്മുടെ രാജ്യത്ത് പ്രകൃതി വാതക ഉപ യോഗത്തിന് ഗൗരവതരമായ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ വളർച്ചയുടെ തോതനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന് അതിന്റെ പങ്ക് ലഭിക്കുന്നില്ല. ഇപ്പോൾ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് നടപ്പി ലാക്കി ക്കൊണ്ടിരിക്കുന്ന കെ.കെ.ബി.എം.പി.എൽ (കൊച്ചി – കൂറ്റനാട് – ബാംഗ്ളൂർ– മാംഗ്ളൂർ പൈപ്പ് ലൈൻ) പദ്ധതി യാഥാർത്ഥ്യമായാൽ കേരള ത്തിന്റെ വ്യവസായ മേഖലയിൽ അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാകും. ആദ്യഘട്ടത്തിൽതന്നെ ഈ പദ്ധതി പൂർത്തിയായി വരികയാണ്. ആദ്യ ഘട്ട

ത്തിലെ പദ്ധതി പൂർത്തിയായാൽ കേരളത്തിലെ പ്രശസ്ത സ്ഥാപനങ്ങളായ എഫ്.എ.സി.റ്റി., ടി.സി.സി., ബി.എസ്.ഇ.എസ്., അപ്പോളോ ടയേഴ്സ്, നിറ്റാ ജെലാറ്റിൻ, ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് അതുപോലെ അമ്പലമുക ളിലെ ഭാരത് പെട്രോളിയം കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ഗൗരവതരമായ പങ്ക് വഹിക്കാൻ കഴിയും. രണ്ടാംഘട്ടം പൂർത്തിയായിക്കഴിഞ്ഞാൽ മറ്റു പ്രധാനപ്പെട്ട പത്തു പന്ത്രണ്ട് സ്ഥാപന ങ്ങൾക്കുകൂടി ലാഭകരമായ തോതിൽ അവരുടെ വിപുലീകരണ പദ്ധതി ഉൾപ്പെടെയുള്ള കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയി വ്യാവസായിക കേര ളത്തിന്റെ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കാൻ കഴിയും. അതുപോലെ നമ്മുടെ ഊർജ്ജ ഉപഭോഗത്തിനും ഉൽപ്പാദനത്തിനും വലിയ പങ്ക് നിർവ്വഹി ക്കാൻ ഈ പ്രകൃതി വാതകത്തിന് കഴിയും. കായംകുളം എൻ.റ്റി.പി.സി. -യിൽ പ്രകൃതി വാതകം അടിസ്ഥാനമാക്കിയിട്ടുള്ള പുതിയ 1900 മെഗാവാട്ട് പ്രോജക്ട് പ്രവർത്തന സജ്ജമാകണമെങ്കിലും നമുക്ക് ഈ പ്രകൃതി വാതകം ലഭിച്ചേ മതിയാകൂ. അതിനെക്കാൾ പ്രധാനപ്പെട്ട ഒരു കാര്യം, കേര ളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം (ആദ്യ ഘട്ടത്തിൽ അഞ്ച് നഗരങ്ങ ളിൽ) വീടുകളിലേയ്ക്കുള്ള പ്രകൃതി വാതക വിതരണത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിയും. പാചകവാതക വിതരണ രംഗത്ത് അടിസ്ഥാനപരമായ മാറ്റത്തിന് അത് വഴി തെളിയിക്കും. നേരിട്ട് വീടുകളിലേയ്ക്ക് പൈപ്പ് ലൈൻ വഴി പാചകവാതകം വിതരണം ചെയ്യാൻ കഴിയും. ഇന്ന് എൽ.പി.ജി. ഉപയോഗിക്കുന്നതിനു പകരമായി ബോംബെ, ഡൽഹി തുടങ്ങിയ മെട്രോനഗരങ്ങളിൽ ഉപയോഗി ക്കുന്നതരത്തിൽ നമുക്ക് വീടുകളിലേയ്ക്ക് നേരിട്ട് ഗ്യാസ് കൊടുക്കുന്നതി നുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയും. ഇത് ഗതാഗത ആവശ്യത്തിന്

ഉപയോഗിച്ചാൽ പൊല്യൂഷൻ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയും. അതു പോലെ ട്രാൻസ്പോർട്ട് ചാർജുകൾ - ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും ട്രാൻസ്പോർട്ട് ബസിനും സ്വകാര്യ ബസുകൾക്കും എല്ലാമുള്ള ഇപ്പോ ഴത്തെ നിരക്കും നമുക്ക് ഗണ്യമായി കുറയ്ക്കാൻ കഴിയും. ഗോദാവരി മേഖലയിലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വകാര്യ മേഖലയിൽ പ്രകൃതി വാതകം ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ആ ഗോദാവരി മേഖലയിൽനിന്ന് റിലയൻസ്, ഒ.എൻ.ജി.സി., ജി.എസ്.പി.സി.എൽ. എന്നിവയുടെ പ്രകൃതിവാ തക സ്രോതസ്സുകളിൽ നിന്ന് നമുക്ക് വേണ്ടത്ര വിഹിതം ലഭിക്കാൻ വേണ്ടി യുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുക യാണ്. റിലയൻസിന്റെ തന്നെ വിലനിരക്കുകൾ 2013ൽ പുനർനിശ്ചയിക്കു മ്പോൾ അതിൽനിന്നും പ്രതിദിനം നമുക്ക് ഗ്യാസ് വാങ്ങാവുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയും. കേരളം അതിനുവേണ്ടിയുള്ള ഡിമാന്റ് ഇതുവ രെയും മുന്നോട്ടുവച്ചിട്ടില്ല. അതുപോലെ കൊച്ചിയിലെ എൽ.എൻ.ജി. പോർട്ടിന്റെ കപ്പാസിറ്റി ഇന്ന് 2.5 മെട്രിക് ടണ്ണാണ്. അത് 20 മെട്രിക് ടണ്ണായി ഉയർത്താനുള്ള സാധ്യതകൾ നമ്മുടെ മുന്നിലുണ്ട്. ആ സാധ്യതകൾ വർദ്ധി പ്പിച്ചാൽ നമുക്ക് ഇപ്പോഴുള്ളതിന്റെ ഏകദേശം 8 ഇരട്ടിയായി എൽ.എൻ.ജി. യുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാൻ കഴിയും. ഇത് സംസ്ഥാനത്തിന് ഗണ്യമായ റവന്യൂ വരുമാനം കൂടി ഉണ്ടാക്കും. ഈ പി.എൽ.എൽ. ഗെയ്ൽ പദ്ധതി പൂർത്തിയാകുന്നതോടുകൂടി കേരളത്തിലെ ആയിരം കോടി രൂപയുടെ റവ ന്യൂ വരുമാനം വാറ്റുവഴി മാത്രം ലഭ്യമാകുന്ന ഒരവസരമുണ്ടാകും. മാത്രമല്ല ഈ പൊതുമേഖലാ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും വിപുലീകരണ പദ്ധതി നടപ്പി ലാക്കി അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ റവ

ന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയുംചെയ്യും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് ജനങ്ങൾ വളരെ ഉത്കണ്ഠാകുലരാണ്. ഇന്ന് നിലവിലിരിക്കുന്ന നിയമമനുസരിച്ച് ഈ പൈപ്പ് ലൈൻ ഇട്ടുപോകുന്ന സ്ഥലത്തുള്ളവർക്ക് യഥാർത്ഥത്തിൽ ആവശ്യമായ കോമ്പൻസേഷൻ കൊടുക്കുന്നില്ല. ഇപ്പോൾ കൊടുക്കുന്നത് മാർക്കറ്റ് വിലയുടെ 10 ശതമാനം മാത്രമാണ്. ഇന്ന് പല വീടുകളും എടുത്തു പോകുന്ന സ്ഥിതി പലസ്ഥലങ്ങളിലും ഉണ്ട്. ഒരു കാര്യം സംസ്ഥാന സർക്കാർ ഉറപ്പു വരുത്തണം. സംസ്ഥാന ഗവൺമെന്റു തന്നെ ഗ്യാസ് അതോറിറ്റിക്കുവേണ്ടി വിട്ടുകൊടുക്കുന്ന റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻ തന്നെയാണ് ഇതിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ഒരു വീടുപോലും ഈ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകരുത്. മാത്രമല്ല നഷ്ടപരിഹാരത്തുകയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തണം. ഇന്നിപ്പോൾ മാർക്കറ്റ് വിലയുടെ പത്ത് ശതമാനം എന്ന് പറയുമ്പോൾ നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാർ ഫെയർ വാല്യൂവിന്റെ പത്ത് ശതമാനമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ആ ഫെയർ വാല്യൂവിന്റെ പത്ത് ശതമാനം കണക്കാക്കുന്നതിനുപകരം യഥാർത്ഥത്തിലുള്ള മാർക്കറ്റ് വിലയുടെ പത്ത് ശതമാനം അല്ലെങ്കിൽ അതിനെക്കാൾ വർദ്ധിച്ച തോതിൽ നഷ്ടപരിഹാരം കൊടുക്കാൻ വേണ്ടിയുള്ള സൗകര്യം ഉണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട് കൊച്ചി മുതൽ കോയമ്പത്തൂർ വരെയുള്ള കേരളത്തിലെ ആറ് ജില്ലകളിലെ ജനങ്ങൾക്കുണ്ടായിരിക്കുന്ന ഉത്ക്കണ്ഠ പരിഹരിക്കണം. ഒരു കാര്യം നാം മനസ്സിലാക്കേണ്ടത്, ഇവിടെ നിന്നാണ് വാതകലൈൻ ആരംഭിക്കുന്നത്. എന്നാൽ തമിഴ്നാട്ടിൽ ലൈനുകൾ മുഴുവൻ പൂർത്തി

യാകുന്ന സ്ഥിതിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ് എന്നത് ഇതിന്റെ പുരോഗതിയെക്കുറിച്ച് വിലയിരുത്തുമ്പോൾ വളരെ ഗൗരവതരമായി പരിഗണിക്കേണ്ട ഒരു വിഷയമാണ്. ഈ ഗ്യാസ് ലൈൻ പദ്ധതി നടപ്പാക്കുന്നതിനും അതോടൊപ്പംതന്നെ ജനങ്ങളുടെ ഉത്ക്കണ്ഠകളും പ്രയാസങ്ങളും പരിഹരിച്ച് നാമമാത്രമായ നഷ്ടപരിഹാരം എന്നതുമാറ്റി അവരുടെ നഷ്ടപ്പെടുന്ന സ്ഥലത്തിന്.......... പിന്നീട് അവിടെ വീടൊന്നും വയ്ക്കാൻ കഴിയില്ല. ചെറിയ തരത്തിലുളള കൃഷി മാത്രമേ നടത്താൻ കഴിയൂ. അപ്പോൾ യഥാർത്ഥത്തിൽ ഭൂമിക്ക് വളരെ വിലയുള്ള കേരളത്തിൽ സ്ഥലം നഷ്ടപ്പെട്ടുകഴിഞ്ഞാൽ, പല കുടുംബങ്ങൾക്കും വീട് വയ്ക്കാനുളള സ്ഥലംകൂടി നഷ്ടപ്പെടുകയാണ്. ഇപ്പോൾ കൊടുക്കുന്ന നഷ്ടപരിഹാരം വളരെ കുറവാണ്. വാതകപൈപ്പ്ലൈൻ സ്ഥാപിക്കുന്നതുകൊണ്ട് നമുക്ക് വളരെയധികം പ്രയോജനങ്ങൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പൂർണ്ണമായും ഇല്ലാതാകും. ലോഡ്ഷെഡ്ഡിംഗിനും പവർക്കട്ടിനും ശാശ്വതമായ പരിഹാരം ഉണ്ടാകും. വ്യവസായ സ്ഥാപനങ്ങളുടെ ഉത്പാദനച്ചെലവും അറ്റകുറ്റപ്പണികളുടെ ചെലവും വൻതോതിൽ കുറയും. മാത്രമല്ല കേരളത്തിൽ പെട്രോ-കെമിക്കൽ വ്യവസായ ശൃംഖല ഉണ്ടാകും. ബസ്-ടാക്സി-ഓട്ടോറിക്ഷ, ഫിഷിംഗ് ബോട്ടുകൾ എന്നിവയുടെ ഇന്ധനച്ചെലവിൽ വൻ കുറവുണ്ടാകും. അന്തരീക്ഷ മലിനീകരണം ഗണ്യമായ തോതിൽ കുറയ്ക്കാൻ കഴിയും. എൽ.പി.ജി-ക്കുപകരം പ്രകൃതിവാതകം പാചക വാതകമാകും. ഇതുവഴി പാചക വാതകക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാനും അതിന്റെ വില കുറയ്ക്കാനും കഴിയും. അതുപോലെ ഹോട്ടലുകളുടെ ഇന്ധനച്ചെലവിൽ കുറവുവരും. വളം, മരുന്ന്, ഐസ്ക്രീം, ഡയറി ഉത്പന്നങ്ങൾ, കീടനാശിനികൾ, പെയിന്റ് തുടങ്ങിയവയുടെ നിർമ്മാണച്ചെല

വിൽ കുറവുണ്ടാകും. കല്യാണമണ്ഡപങ്ങൾ, കോൾഡ് സ്റ്റോറേജുകൾ, സിനിമാ തിയേറ്ററുകൾ, അമ്യൂസ്മെന്റ്-വാട്ടർതീം പാർക്കുകൾ, ഷോപ്പിംഗ് മാളുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ തുടങ്ങിയവയുടെ പ്രവർത്തനച്ചെലവും വൻതോതിൽ കുറയും. നമ്മുടെ രാജ്യത്ത് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിവാതക ഉപയോഗ വളർച്ചയുടെ നിരക്കനുസരിച്ച് കേരളത്തിനുകൂടി അതിന്റെ പങ്ക് ലഭ്യമാകണം. ഇതെല്ലാം പരിഗണിച്ച് സംസ്ഥാനത്തിന് പ്രത്യേകമായ ഒരു പെട്രോളിയം പ്രകൃതി വാതക സെൽ രൂപീകരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച പ്രശ്നം നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ലോകമെമ്പാടും പ്രകൃതി വാതക ഉപയോഗത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പക്ഷേ കേരളം ഏറ്റവും പിന്നോക്കം നില്ക്കുകയാണ്. ഇതിനൊരു മാറ്റം വരുത്തിയേ മതിയാകൂ. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ പ്രകൃതി വാതക സെൽ രൂപീകരണം അത്യാവശ്യമാണെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഒ.എൻ.ജി.സി, ഐ.ഒ.സി.എൽ, ഗെയിൽ, ബി.പി.സി.എൽ എന്നീ സ്ഥാപനങ്ങളിലൊക്കെ പ്രവർത്തിച്ച് നല്ല പരിചയമുള്ള, റിട്ടയർ ചെയ്തവരും സർവ്വീസിൽ ഉള്ളവരുമായ കേരളീയർ ഉണ്ട്. അവരുടെയൊക്കെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇങ്ങനെയൊരു സെൽ രൂപീകരിച്ച് പ്രകൃതി വാതക ഉപയോഗത്തിലെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി നമുക്ക് എല്ലാ അർത്ഥത്തിലും അതിന്റെ പ്രയോജനം, വീടുകളിൽ ഗ്യാസായി, വില കുറഞ്ഞ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളായി ഈ വാതകമുപയോഗിച്ച് നിരവധി വ്യവസായ ശാല

കൾക്കുളള സാധ്യതകൾ, അതിലൊക്കെ ഉപരിയായി സംസ്ഥാനത്തിന്റെ വരുമാനത്തിൽ വരുന്ന വലിയ വർദ്ധനവ് ഇതൊക്കെ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അതിനനുസൃതമായ രീതിയിലാണ് ഗവൺമെന്റ് ചിന്തിക്കുന്നതും പ്രവർത്തിച്ച് തുടങ്ങുന്നതും. കഴിഞ്ഞ രണ്ട് ദിവസം ഞങ്ങളെല്ലാം ഡൽഹിയിലായിരുന്നു. ആ അവസരത്തിൽ ഈ പദ്ധതിയെക്കുറിച്ച് പ്രധാനമന്ത്രിയടക്കമുളള നേതാക്കളോട് സംസാരിച്ചു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. എ. കെ ആന്റണി വ്യക്തിപരമായി ഇട പെട്ട് നേവിയുടെ ഉദ്യോഗസ്ഥരെക്കൂടി വിളിച്ചുകൊണ്ട് ഒരു കോൺഫറൻസ് നടത്തി. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ അമ്പലമേട് വരെയുളള ഒന്നാം ഘട്ട പ്രവർത്തനത്തിന് തടസ്സം നില്ക്കുന്ന ഏക പ്രശ്നം എൻ.എ.ഡി-യിലെ പൈപ്പ് ഇടുന്നതിനെ സംബന്ധിച്ചുളള തർക്കമായിരുന്നു. എനിക്ക് സന്തോഷത്തോടെ പറയാൻ സാധിക്കും- ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ മിനിഞ്ഞാന്ന് നടത്തിയ ചർച്ചയിൽ അത് സംബന്ധിച്ച തീരുമാനം ഉണ്ടായിക്കഴിഞ്ഞു. എൻ.എ.ഡി ഒരാഴ്ചയ്ക്കുള്ളിൽ അതിനുള്ള ക്ലിയറൻസ് കൊടുക്കും. അപ്പോൾ അവിടെക്കൂടി പൈപ്പിട്ടു കഴിഞ്ഞാൽ ടെർമിനലിൽ നിന്നുണ്ടാകുന്ന പ്രകൃതി വാതക പൈപ്പ് ലൈനിന്റെ ആദ്യഘട്ടം **44** കി.മീ. പൂർത്തിയാക്കാൻ സാധിക്കും. അതോടുകൂടി എഫ്.എ.സി.റ്റി, ഉദ്യോഗമണ്ഡൽ ഡിവിഷൻ, അമ്പലമുകൾ ഡിവിഷൻ, ബ്രഹ്മപുരത്തുളള വൈദ്യുതോത്പാദന കേന്ദ്രം, നിറ്റാ ജലാറ്റിൻ, ബി.പി.സി.എൽ, കൊച്ചിൻ റിഫൈനറി, റിലയൻസ് എനർജി, എച്ച്.ഒ.സി.എൽ. തുടങ്ങിയ **9** കമ്പനികൾക്ക് ഗ്യാസ് എത്തിച്ചുകൊടുക്കാൻ സാധിക്കും. ഒന്നാംഘട്ടത്തിൽ അതാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം മംഗലാപുരത്തേയ്ക്കും പാലക്കാട് വഴി

ബാംഗ്ലൂരിലേയ്ക്കും എൻ.റ്റി.പി.സി-യുടെ കായംകുളം വൈദ്യുത പദ്ധതിയിലേയ്ക്കുമുളള പ്രകൃതി വാതക പൈപ്പ്ലൈൻ സ്ഥാപിക്കാനാണ് ഗെയിൽ ഉദ്ദേശിക്കുന്നത്. മിനിഞ്ഞാന്ന് വൈകുന്നേരം ഗെയിൽ-ന്റെ ചെയർമാനുമായി ഇതിനെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തു. ഇതിൽ രണ്ട് തടസ്സങ്ങളാണുള്ളത്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കോമ്പൻസേഷൻ - വടക്കെ ഇന്ത്യയിലൊക്കെ പൈപ്പ് കൊണ്ടുപോകുന്നതിന് സ്ഥലത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് ഒരു പ്രശ്നവുമില്ലാത്തതുകൊണ്ട് ഇതുവരെ കോമ്പൻസേഷന്റെ കാര്യത്തിൽ ഒരു പ്രായോഗികമായ സമീപനം സ്വീകരിച്ചിട്ടില്ല. ഇതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെവച്ച് ചർച്ചചെയ്തു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെടെ ഞങ്ങളെല്ലാം പങ്കെടുത്തിരുന്നു. പ്രകൃതി വാതക പൈപ്പ്ലൈൻ കേരളത്തിന് കൂടിയേ മതിയാകൂ. പക്ഷേ അതേസമയം കോമ്പൻസേഷന്റെ കാര്യത്തിൽ ഗെയിൽ എടുത്തിരിക്കുന്ന നിലപാടിൽ മാറ്റം വരുത്തണം എന്ന് അവരോട് ആവശ്യപ്പെട്ടു. അവർ നിലപാടിൽ മാറ്റം വരുത്താം എന്ന് സമ്മതിച്ചു. കഴിഞ്ഞ ദിവസം ഡൽഹിയിൽവച്ച് നടത്തിയ ചർച്ചയിൽ, ഗെയിൽ ചർച്ച ചെയ്യേണ്ട ഫോറങ്ങളിലൊക്കെ ചർച്ച ചെയ്ത് അംഗീകാരം വാങ്ങിയ വിവരം ഞങ്ങളെ അറിയിച്ചു. കോമ്പൻസേഷൻ സംബന്ധിച്ച തീരുമാനം എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സംസ്ഥാന ഗവൺമെന്റിന് നൽകിയിരിക്കുകയാണ്. അതുകൊണ്ട് ഒരു പ്രശ്നം സംബന്ധിച്ച് പരിഹാരമായി. ഞാൻ പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ ശ്രീ. എ. കെ. ബാലൻ പറഞ്ഞതാണ് രണ്ടാമത്തെ പ്രശ്നം. ഇത് ഏതാണ്ട് വലിയ അപകടമുള്ള സംഗതിയാണ് എന്നുള്ള നിലയിൽ വളരെ തെറ്റായ പ്രചരണം ഇന്ന് നടക്കുന്നു. ഭൂമിക്കടിയിലെ ബോംബാണ് എന്നൊക്കെയുള്ള പ്രചരണങ്ങളാണ് നടക്കുന്നത്. നമുക്ക് ഈ കാര്യത്തിൽ

കൂട്ടായി പ്രവർത്തിക്കണം എന്നാണ് എനിക്ക് ഈ സഭയിലെ അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. കോമ്പൻസേഷന്റെ കാര്യത്തിൽ ഈ സഭയിലെ ജനപ്രതിനിധികളുടെ പ്രായോഗികമായ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. വസ്തുവിന്റെ ഉടമസ്ഥരുടെ നിർദ്ദേശങ്ങൾ എന്ന് ഞാൻ പറയുന്നില്ല. കാരണം അവർ വളരെ അൺറീസണബിൾ ആയിട്ടുള്ള സ്റ്റാന്റ് എടുത്താൽ എന്ത് ചെയ്യും? പക്ഷേ ഈ സഭയിലെ അംഗങ്ങൾ എന്നു പറയുമ്പോൾ ജനപ്രതിനിധികളായിട്ടുള്ള, ഈ നാടിന്റെ വികസനത്തിന്റെ ആവശ്യവും അതേസമയം ജനങ്ങളുടെ ആവശ്യങ്ങളും ഒരുപോലെ കണക്കിലെടുത്തുകൊണ്ട് ന്യായമായ ഏത് കോമ്പൻസേഷന്റെ കാര്യത്തിലും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. പ്രായോഗികമായി വരുന്ന ഏത് പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കാം. പക്ഷേ തെറ്റായ പ്രചരണം നടത്തി ഈ പദ്ധതി വൈകിക്കാനോ അല്ലെങ്കിൽ ഇല്ലാതാക്കാനോ നടത്തുന്ന ശ്രമങ്ങൾക്ക് ആരും കൂട്ട് നില്ക്കില്ല എന്നെനിക്കറിയാം. ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ച ഈ ശ്രദ്ധക്ഷണിക്കൽ ഒരു അവസരമായിട്ടാണ് ഗവൺമെന്റ് കാണുന്നത് ഈ സഭയോട്, ഇവിടത്തെ ജനപ്രതിനികളോട് എനിക്ക് പറയാനുള്ളത് ഈ രണ്ട് കാര്യങ്ങൾക്കും എം.എൽ.എ-മാരുടെ പൂർണ്ണമായ പങ്കാളിത്തവും നേതൃത്വവും ഉണ്ടാകണം എന്നാണ്. ഇക്കാര്യം സംബന്ധിച്ച് എം.എൽ.എ-മാരുടെ സഹകരണത്തോടുകൂടി ഈ പ്രശ്നത്തിന് തീരുമാനം ഉണ്ടാക്കാൻ കഴിഞ്ഞ വെള്ളിയാഴ്ച ഒരു യോഗം വിളിച്ചിരുന്നു. പല എം.എൽ.എ- മാരും പങ്കെടുത്തു. പക്ഷേ വെള്ളിയാഴ്ച ആയതുകൊണ്ട് ചിലർക്കൊക്കെ നേരത്തെ പോകേണ്ടി വന്നു. എല്ലാവരും പങ്കെടുത്തില്ല. പക്ഷേ ഇനി എം. എൽ.എ-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പൂർണ്ണ പങ്കാളിത്തം നല്കി

ക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാനാണ് ശ്രമിക്കുന്നത്. അക്കാര്യത്തിൽ എല്ലാ ഭാഗത്തുനിന്നുമുളള സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ഭാവി, ഒരു സെക്കന്റ് ജനറേഷൻ വികസനം എന്നുപറയുന്നത് എല്ലാ മേഖലയിലും പ്രകൃതി വാതക ഉപയോഗത്തിലൂടെ ആയിരിക്കും. ഒരുവിധത്തിലും നമുക്ക് പിന്നിലാകാൻ പറ്റില്ല. മുന്നിലേയ്ക്ക് വരുന്നതിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ കാര്യത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് വളരെ വിശദമായ മറുപടിയാണ് അങ്ങ് നല്കിയത്. അതിന് നന്ദി പറയുന്നു. അതുപോലെ പ്രശസ്തമായ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച മലയാളികളെ ഉൾക്കൊളളിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പ്രത്യേകമായി പെട്രോളിയം പ്രകൃതി വാതക സെൽ രൂപീകരിക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. എനിക്ക് ചോദിക്കാനുളളത് അങ്ങ് കോമ്പൻസേഷനുമായി ബന്ധപ്പെട്ട് ഗെയിൽ-ന്റെ ചെയർമാനുമായി സംസാരിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റിന് ഇതുമായി ബന്ധപ്പെട്ട പൂർണ്ണമായ അധികാരം നല്കി എന്നു പറഞ്ഞു. അതിന്റെ പശ്ചാത്തലത്തിൽ ഗെയിൽ -ന്റെ പൈപ്പ്ലൈൻ ഇടുന്ന സ്ഥലങ്ങളിൽ ഒരു പ്രത്യേക കോമ്പൻസേഷൻ പാക്കേജ് ഉണ്ടാക്കുന്ന കാര്യം, അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആളുകൾ താമസിക്കുന്ന ഒറ്റ വീടുകൾപോലും നഷ്ടപ്പെടുത്താതെയുളള ഒരു കോമ്പൻസേഷൻ പാക്കേജ് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവതരമായി പരിഗണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും അത് ആലോചിക്കും. സ്ഥലമെടുപ്പാണ് നമ്മുടെ എല്ലാ കാര്യത്തിലും വരുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. ഒരു കാരണവശാലും ഗെയിൽ-ന്റെ പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട്

സ്ഥലത്തിന്റെ കാലതാമസം വരുന്നതിന് പാടില്ല എന്നതിന്റെ പേരിൽ, അതു കൊണ്ടാണ് ഗെയിൽ-നോട് നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ഇങ്ങനെ യൊരു കാര്യം പറഞ്ഞ് ഗവൺമെന്റ് ഇങ്ങനെയൊരു സമ്മതം അവരിൽ നിന്നും വാങ്ങിയത്. അതോടൊപ്പം ഒരു കാര്യംകൂടി അറിയിക്കാൻ ആഗ്ര ഹിക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ വീടുകളുടെ കാര്യം പറഞ്ഞു. ഒരു വീടിനേയും ബാധിക്കാത്ത വിധത്തിൽ ഈ പൈപ്പ് ഇടണം എന്നാണ് നമ്മൾ നിർദ്ദേശിച്ചിട്ടുളളത്. അതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്ന ത്. ഇനി ഏതെങ്കിലും ഒഴിവാക്കാൻ പറ്റാത്ത വിധത്തിൽ ഒരു വീടിന്റെ അടിയിൽകൂടി അല്ലെങ്കിൽ വീടിനടുത്തുകൂടി പൈപ്പ് ഇടേണ്ട സാഹചര്യം വന്നാൽ വീട് ഉൾപ്പെടെ ആ സ്ഥലം വാങ്ങാനും ഗെയിൽ തയ്യാറാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപ്പോൾ ഒരു വീടിനേയും ബാധിക്കാത്തതരത്തിൽ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ അതുപോലെ യുളള കാര്യങ്ങളിൽ പ്രായോഗികമായിട്ടുളള ഏത് നിർദ്ദേശം വന്നാലും അത് അംഗീകരിക്കാം. നമുക്ക് ഇത് സമയബന്ധിതമായിട്ട് നടപ്പിലാക്കണം. എൻ.എ.ഡി-യുടെ പ്രശ്നം കഴിഞ്ഞതുകൊണ്ട് ഡിസംബർ മാസത്തിനുമുമ്പ് ഒന്നാംഘട്ടം നടപ്പിലാക്കും. ടെർമിനലിന്റെ പണി കഴിഞ്ഞു. എറണാകു ളത്തെ 9 വ്യവസായ സ്ഥാപനങ്ങൾക്ക് വാതകം എത്തിച്ചുകൊടുക്കുന്ന പദ്ധതി ഈ ഡിസംബറിൽത്തന്നെ ഒന്നാംഘട്ടം പൂർത്തിയാക്കും. അവിടെ നിന്നുളള വിതരണത്തിന്റെ ശതമാനം മൊത്തം വാതക വിതരണത്തിന്റെ 11 ശതമാനം വരും. ഡിസംബറിൽത്തന്നെ നടപ്പിലാക്കും. അതിനുശേഷ മാണ് മംഗലാപുരത്തേയ്ക്കും പാലക്കാട് വഴി ബാംഗ്ലൂരിലേയ്ക്കും കായം കുളത്തെ എൻ.ടി.പി.സി-യിലേയ്ക്കുമുളള പൈപ്പ്ലൈനുകൾ ഇടേണ്ടത്.

**അതും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കണം. അതിനു വേണ്ടി നമ്മൾ കൂട്ടായി പ്രവർത്തിക്കണം.**

*** * * * * * * * * * * * * * ***